## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1550 — 06-03-2020 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങളിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ മതവിഭാഗങ്ങൾക്ക് നടപ്പിലാക്കി വന്നിരുന്ന പദ്ധതികൾക്ക് പുറമെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ 3 സ്കോളർഷിപ്പ് (പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, മദർ തെരേസ സ്കോളർഷിപ്പ്) സ്കീമുകൾ , ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീ യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ് കോഴ്സുകൾ, മദ്രസാക്ഷേമനിധി അംഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിങ്ങനെ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. കൂടാതെ, വകുപ്പ് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതി കേരളത്തിലെ പത്തനംതിട്ട, തൃശ്ശൂർ ഒഴികെയുള്ള ജില്ലകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. |
| (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.**

1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്
2. വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതി/പുനരുദ്ധാരണ പദ്ധതി
3. ഹൈസ്കൂൾ, ഹയർ സെക്കൻററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള രണ്ട് ദിവസത്തെ സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം
4. സ്വകാര്യ ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ - റീ ഇംബേഴ്സ്മെന്റ് സ്കീം
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി
6. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി
7. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.
8. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.
9. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധനസഹായ പദ്ധതി.
10. എസ്.എസ്.എൽ.സി. / പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.
11. ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് ഷെയർ ക്യാപിറ്റൽ നൽകുന്ന പദ്ധതി
12. സി.എച്ച് മുഹമ്മദ്കോയ ഗേൾസ് സ്കോളർഷിപ്പ്

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.**

1. **<u>പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്</u>-**
   ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90% മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000/ രൂപയും ബിരുദ/ ബിരുദാനന്തരബിരുദം തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുക.
2. **<u>എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്</u> -**
   സർക്കാർ / എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത് പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/ രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും.
3. **<u>മദർ തെരേസ സ്കോളർഷിപ്പ്</u> -**
   പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംഗ് കോളേജ് / മെഡിക്കൽ കോളേജുകളിൽ നേഴ്സിംഗ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15.000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത് അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാതെ മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.

4. **<u>ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി -</u>** മേൽക്കൂരയില്ലാത്തതുമായ ശരിയായ ജനലുകളോ, വാതിലുകളോ ഇല്ലാത്തതും, ഉറപ്പുള്ള വിധവ/വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/ രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിനും, മാനസിക ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും

5. **<u>ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതി-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ് -</u>** ന്യൂനപക്ഷ സമുദായത്തിലെ വിവാഹ മോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസലിംഗ് 2018 - 19 മുതൽ എല്ലാ ജില്ലകളിലും നടത്തി വരുന്നു.

6. **<u>മൈനോറിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് -</u>** ന്യൂനപക്ഷ മേഖല സംബന്ധിച്ച ഗവേഷണപഠന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് മലപ്പുറം ജില്ലയിലെ വാഴയൂർ വില്ലേജിന്റെ കീഴിലുള്ള സ്ഥലത്ത് ടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

7. മദ്രസാക്ഷേമനിധി അംഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ.

**സെക്ഷൻ ഓഫീസർ**